# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*19      28.01.2019 ൽ മറുപടിക്ക്

## ആരോഗ്യ മേഖലയുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>,, എ. എൻ. ഷംസീർ<br>,, ജോൺ ഫെർണാണ്ടസ്<br>,, പി.ടി.എ. റഹീം | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) മുൻ യു.ഡി.എഫ് സർക്കാരുകളുടെ സ്വകാര്യ മേഖലാ പ്രീണന നയത്തിന്റെ ഫലമായി സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ദുർബലപ്പെടുകയും ആതുര മേഖലയിൽ വാണിജ്യവൽക്കരണം നടക്കുകയും ചെയ്തതിനാൽ, അമിതമായ ചികിത്സാ ചെലവുകൾ കാരണം രോഗികൾ കടക്കെണിയിലാകുന്നത് അവസാനിപ്പിക്കുന്നതിനായി പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കാൻ ആരംഭിച്ചിട്ടുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വ്യാപനത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017-18 ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ തെരഞ്ഞെടുത്തിരുന്നു. ഇതിൽ 157 കേന്ദ്രങ്ങളുടെ പണി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണികൾ പൂർത്തിയായി വരുന്നു. തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് സ്റ്റാഫ് നേഴ്സ് എന്ന കണക്കിലും ഇതിൽ ഒ.പി.കൂടുതലുള്ള 150 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഓരോ ഫാർമസിസിസ്റ്റിന്റെ തസ്തികകൾ ഉൾപ്പടെ മൊത്തം 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ഈ തസ്തികകളിൽ ഇതിനോടകം നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ സേവനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയും നേഴ്സുമാരുടെ പ്രീചെക്ക്, കൗൺസിലിംഗ്, ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി.ക്ലിനിക്, ആസ്മ, ശ്വാസം മുട്ടൽ എന്നിവയ്ക്കുള്ള 'ശ്വാസ് ക്ലിനിക്', മാനസിക അസ്വസ്ഥതയുള്ളവർക്കുള്ള 'ആശ്വാസ് ക്ലിനിക്', നഴ്സുമാർ വഴിയുള്ള ഔട്ട്റീച്ച് ഇൻസ്റ്റിറ്റ്യൂഷൻ കെയർ (വയോജന കേന്ദ്രങ്ങൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ) എന്നീ സേവനങ്ങൾ അധികമായി ലഭ്യമാക്കി വരുന്നു. രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ അധിക സൗകര്യങ്ങളോടു കൂടിയ വെയിറ്റിംഗ് ഏരിയ, ഇരിപ്പിടങ്ങൾ, രോഗികൾക്ക് കുടിവെള്ളം, ശൗചാലയം, ആരോഗ്യ ബോധവത്കരണത്തിനുള്ള ടെലിവിഷൻ സംവിധാനങ്ങൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം തുടങ്ങിയവ സജ്ജമാക്കി മെച്ചപ്പെട്ട സേവനം നൽകി വരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തിലെ പഞ്ചായത്തു പ്രസിഡന്റ്, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള 'സംഘ' |

| | | | |
|---|---|---|---|
| | | | പരിശീലനം 'കില'യുമായി ചേർന്ന് നടത്തുകയും ഇതു കൂടാതെ വിവിധ വിഭാഗം ജീവനക്കാർക്കുള്ള മറ്റു പരിശീലനങ്ങളും നൽകി വരുന്നു. ആരോഗ്യ ഉപകേന്ദ്രങ്ങൾ വഴിയും ഫീൽഡു തലത്തിലും രോഗപ്രതിരോധം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ, റിഹാബിലിറ്റേറ്റീവ് പരിചരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. 2018-19 ലേയ്ക്കായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ 504 ആരോഗ്യ സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പരിശീലന പരിപാടികളും പുരോഗമിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉച്ചയ്ക്ക ശേഷവും ഒ.പി. ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി.സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതിനായി എൻ.എച്ച്.എം.വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും അധിക ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു. തെരെഞ്ഞെടുത്ത പി.എച്ച്.സി.കളിൽ കുറഞ്ഞത് 3 ഡോക്ടർമാരുടെ സേവനം ഇതിനായി നൽകി വരുന്നുണ്ട്. കൂടാതെ ജില്ലകളിൽ നിന്നും തെരെഞ്ഞെടുത്ത നാലോ അതിലധികമോ ഡോക്ടർമാരുടെ സേവനമുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിനായി എത്ര മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാരെ പുതിയതായി നിയമിച്ചെന്ന് അറിയിക്കാമോ? | (സി) | 2017-18 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രമായി തെരെഞ്ഞെടുത്ത 170 സ്ഥാപനങ്ങളിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നേഴ്സ്, 170 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഒ.പി.കൂടുതലുള്ള 150 സ്ഥാപനങ്ങളിൽ ഓരോന്നു വീതം 150 ഫാർമസിസ്റ്റ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാൻ തെരെഞ്ഞെടുക്കപ്പെട്ട 504 ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ